പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4585** **29.06.2012-** ൽ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. റ്റി. വി. രാജേഷ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| പ്രവാസിമലയാളികളുടെ ക്ഷേമത്തിനായി പുതിയ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം നല്കാമോ ? | പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷ, പ്രസവാനുകൂല്യം, സ്വയംതൊഴിൽ വായ്പ, 55 വയസ്സ് കഴിഞ്ഞ പ്രവാസികൾക്കായി പ്രത്യേക ആനുകൂല്യ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. പന്ത്രണ്ടാം പദ്ധതിയിലുൾപ്പെടുത്തി ഒരു പ്രവാസി പുനരധിവാസ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ സ്വീകരിച്ചുവരികയാണ്. പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം(2012 – 13) ഇതിനായി രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br><u>പ്രവാസി ലീഗൽ എയ്ഡ് സെൽ</u><br><br>വിദേശരാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം(2012 – 13) ഈ പദ്ധതിക്കായി 3.90 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

## എൻ. ആർ. കെ. ബിസിനസ്സ് സെന്റർ

പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അവരുടെ നിക്ഷേപ താൽപര്യങ്ങളേയും സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും എൻ. ആർ. കെ. ബിസിനസ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

## ഡയറക്ടേഴ്സ് സ്കോളർഷിപ്പ് ഫണ്ട്

വിദേശത്ത് ജോലി ചെയ്യുന്ന ഇ. സി. ആർ. കാറ്റഗറിയിലുൾപ്പെടുന്ന പ്രവാസി കേരളീയരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്കായി നോർക്ക - റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വപ്നസാഫല്യം പദ്ധതി

വിദേശ രാജ്യങ്ങളിൽ ജയിലിലടയ്ക്കപ്പെടുന്നവരെ തിരിച്ച് നാട്ടിലെത്തിക്കുന്നതിന് സൗ ജന്യവിമാനടിക്കറ്റ് നൽകുന്ന പദ്ധതിയാണിത്. സൗദി അറേബ്യയിൽ ആരംഭിച്ച ഈ പദ്ധതി സർക്കാർ നേതൃത്വത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലും 2013 മുതൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതിനായി ഈ വർഷം(2012 - 13) ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

## എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ് പദ്ധതി

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് നൽകുന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ